ഫോൺ : 0471 2557227 (ഓഫീസ്)
ഇ-മെയിൽ : registrar.ksmc@kerala.gov.in
www.medicalcouncil.kerala.gov.in

**കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ്**
**കൗൺസിൽ ഓഫ് മോഡേൺ മെഡിസിൻ**
റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം, കേരള-695035

നം.എ2 -19354/2023/എം.സി തീയതി 15-10-2024

**പത്രക്കുറിപ്പ്**

2020-ലെ നാഷണൽ മെഡിക്കൽ കമ്മീഷൻ Act, അനുബന്ധ ചട്ടങ്ങൾ 2021-ലെ കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്, എന്നിവ പ്രകാരം കേരളത്തിൽ മോഡേൺ മെഡിസിൻ പ്രാക്ടീസ് ചെയ്യുന്നതിന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ്, കൗൺസിൽ ഓഫ് മോഡേൺ മെഡിസിന്റെ രജിസ്ട്രേഷൻ നിർബന്ധമാണ്. എന്നാൽ MBBS യോഗ്യത രജിസ്റ്റർ ചെയ്യാതെയും, MD/MS/DNB, DM/Mch/DrNB തുടങ്ങിയ അധിക യോഗ്യതകൾ രജിസ്റ്റർ ചെയ്യാതെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരമില്ലാത്ത അധിക യോഗ്യതകൾ പ്രദർശിപ്പിച്ചും ഡോക്ടർമാർ കേരളത്തിൽ പ്രാക്ടീസ് ചെയ്യുന്നതായി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ രജിസ്റ്റർ ചെയ്യാത്ത യോഗ്യതകളും, അംഗീകാരമില്ലാത്ത യോഗ്യതകളും പ്രദർശിപ്പിച്ച് പ്രാക്ടീസ് ചെയ്യുന്നത് നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് ശിക്ഷാർഹമായ കുറ്റമാണ്. കൂടാതെ നാഷണൽ മെഡിക്കൽ കമ്മീഷന്റെ ചട്ടങ്ങൾക്ക് വിരുദ്ധമായി, ഡോക്ടർമാരുടെ ചിത്രങ്ങളും യോഗ്യതകളും സഹിതം ആശുപത്രി മാനേജ്മെന്റുകൾ പത്രങ്ങളിലും സമൂഹമാധ്യമങ്ങളിലും പരസ്യങ്ങൾ നൽകുന്നതും കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം പ്രവർത്തികളിലും ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ കൗൺസിലിനു അധികാരമുള്ളതാണ്. കേരളത്തിൽ രജിസ്ട്രേഷനോ/യോഗ്യതയോ ഇല്ലാതെ പ്രാക്ടീസ് ചെയ്യുന്ന വ്യാജ ഡോക്ടർന്മാരെയും മതിയായ രജിസ്ട്രേഷൻ ഇല്ലാതെ അനധികൃതമായി പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർന്മാരെയും കണ്ടെത്തുന്നതിലേക്കായി താഴെ പറയുന്ന അടിയന്തിര നിർദ്ദേശങ്ങൾ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് (കൗൺസിൽ ഓഫ് മോഡേൺ മെഡിസിൻ) നടപ്പിലാക്കുന്നതിലേക്കായി പൊതുജനങ്ങളുടെയും ആശുപത്രി അധികാരികളുടെയും കേരളത്തിലെ മെഡിക്കൽ പ്രാക്ടീഷണർമാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1. കേരളത്തിൽ പ്രാക്ടീസ് ചെയ്യുന്ന എല്ലാ മോഡേൺ മെഡിസിൻ പ്രാക്ടീഷണർമാരും കേരള സംസ്ഥാന മെഡിക്കൽ കൗൺസിലിൽസിലെ

കൗൺസിൽ ഓഫ് മോഡേൺ മെഡിസിനിലിൽ, എം.ബി.ബി.എസ് യോഗ്യതയും പ്രാക്ടീസ് ചെയ്യുന്ന മറ്റ് അധിക യോഗ്യതകളും നിയമപരമായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

2. മെഡിക്കൽ പ്രാക്ടീഷണർമാർ അവർ പ്രാക്ടീസ് ചെയ്യുന്ന സ്ഥലത്ത് സംസ്ഥാന മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നമ്പർ, രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യതകൾ, കേരള സംസ്ഥാന മെഡിക്കൽ കൗൺസിൽ നൽകിയിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (നിയമപരമായി സാക്ഷ്യപ്പെടുത്തിയ പകർപ്പ്) എന്നിവ പ്രദർശിപ്പിക്കേണ്ടതാണ്.
3. സംസ്ഥാന മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യതകളും അധിക യോഗ്യതകളും, രജിസ്ട്രേഷൻ നമ്പർ എന്നിവ മാത്രമേ അവർ പ്രാക്ടീസ് ചെയ്യുന്ന സ്ഥലത്തും, മരുന്ന് കുറിപ്പടികളിലും, ലെറ്റർപാഡുകളിലും സീലുകളിലും ഉപയോഗിക്കാൻ പാടുള്ളൂ. അത്തരത്തിൽ രജിസ്റ്റർ ചെയ്ത സ്പെഷ്യാലിറ്റികൾ മാത്രം പ്രാക്ടീസ് ചെയ്യുവാനെ പ്രാക്ടീഷണർമാർക്ക് അനുവാദമുള്ളൂ.
4. കേരളത്തിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ, ക്ലിനിക്കുകളിലെല്ലാം തന്നെ അവിടെ സേവനമനുഷ്ഠിക്കുന്ന മോഡേൺ മെഡിക്കൽ പ്രാക്ടീഷണർമാരുടെ കേരള സംസ്ഥാന മെഡിക്കൽ കൗൺസിൽ നൽകിയിട്ടുള്ള ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് അവരുടെ യോഗ്യത ഉറപ്പുവരുത്തേണ്ടതും സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റഡ് കോപ്പികൾ/നിയമപരമായി സാക്ഷ്യപ്പെടുത്തിയ പകർപ്പ് സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്.
5. മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ, ക്ലിനിക്കുകളിലെല്ലാം ഡിസ്പ്ലേ ബോർഡുകളിൽ മെഡിക്കൽ പ്രാക്ടീഷണർമാരുടെ പേര്, യോഗ്യത, മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അധിക യോഗ്യത, രജിസ്ട്രേഷൻ നമ്പർ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.
6. ആധുനിക വൈദ്യശാസ്ത്ര സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന മെഡിക്കൽ പ്രാക്ടീഷ്ണർമാരുടെ പേര്, രജിസ്ട്രേഷൻ നമ്പർ യോഗ്യതകൾ, അധിക യോഗ്യതകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ലിസ്റ്റ് എല്ലാ സ്ഥാപന മേധാവികളും കേരള സംസ്ഥാന മെഡിക്കൽ കൗൺസിലിലേക്ക് ksmcdoctorlist@gmail.com എന്ന ഇമെയിൽ വിലാസത്തിൽ 31/10/2024 തീയതിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.

രജിസ്ട്രാർ